**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1577** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ഇതര ചികിത്സാ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഏതാണ്ട് പൂർണമായും കോവിഡ് ചികിത്സാകേന്ദ്രങ്ങൾ ആയി മാറിയ ഗുരുതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ പൂർണ്ണമായി കോവിഡ് ആശുപത്രികൾ ആക്കിയിട്ടില്ല. മെഡിക്കൽ കോളേജുകളിൽ കൂടുതൽ കോവിഡ് രോഗികൾ അഡ്മിറ്റ് ആയതിനാൽ കോവിഡ് രോഗികൾക്ക് കിടക്കകൾ നീക്കിവച്ചിരുന്നെങ്കിലും മറ്റെല്ലാ രോഗങ്ങൾക്കും ഉള്ള ചികിത്സകൾ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. നിശ്ചിത ശതമാനം കിടക്കകൾ കോവിഡ് ഇതര ചികിത്സയ്ക്കായി മാറ്റിവച്ചിട്ടുണ്ട്. |
| (ബി) | അർബുദം ഹൃദ്രോഗം വൃക്കരോഗം ന്യൂറോളജി തുടങ്ങി വിവിധ വിഭാഗങ്ങളിൽ ചികിത്സ നിലച്ചതിനെ തുടർന്ന് രോഗികൾക്ക് ഉണ്ടായിട്ടുള്ള വലിയ ആശങ്ക പരിഹരിക്കുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | അർബുദം, ഹൃദ്രോഗം, വൃക്കരോഗം, ന്യൂറോളജി തുടങ്ങിയ എല്ലാ സ്പെഷ്യാലിറ്റി ചികിത്സയും മെഡിക്കൽ കോളേജുകളിൽ ഇപ്പോഴും ലഭ്യമാണ്. രോഗികളുടെ സൗകര്യാർത്ഥം ഇ-ഹെൽത്ത്, ഇ-സഞ്ജീവനി എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വീട്ടിലിരുന്നു തന്നെ ഡോക്ടറെ കാണുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ